# മീഞ്ചന്തസ്സഭ

സഞ്ജയൻ



മീഞ്ചന്തസ്സഭ

സഞ്ജയൻ

(മലയാളം: ലേഖനം)

© 2022, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Cromwell dissolving the Long Parliament, a painting by Andrew Carrick Gow (1848–1920). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# മീഞ്ചന്തസ്സഭ

ഗണ്യമായ ചില പരിഷ്ക്കാരങ്ങൾ അടിയന്തിരമായി വരുത്താത്ത പക്ഷം ബഹുമാനപ്പെട്ട പാറപ്പുറത്തു സഞ്ജയൻ അവർകൾ ചങ്ങലംപരണ്ട പാർലിമെണ്ടിലുള്ള തന്റെ പ്രതിനിധിസ്ഥാനം മാർക്കറ്റിന്നടുത്തുവെച്ചു ലേലം ചെയ്തു വിറ്റു കിട്ടിയ പൈസയുംകൊണ്ടു വണ്ടികയറുമെന്നാണ് എനിക്കു തോന്നുന്നതു്. സഞ്ജയന്ന് അത്ര വലിയ മനംമടുപ്പാണ് പ്രസ്തുത പാർലിമെണ്ടിനെക്കുറിച്ച് ഉണ്ടായിരിക്കുന്നതു്. ഇതു് ഈശ്വരൻ സാക്ഷിയായി പറയുന്നതുമാണ്. ഈ തീർപ്പിനെ ഭേദപ്പെടുത്തുവാൻ നിങ്ങൾ വല്ല നിവേദനപത്രങ്ങളും സഞ്ജയന്നയയ്ക്കുകയോ, കാര്യം മദ്ധ്യസ്ഥമായിത്തീർക്കുവാൻ സപ്രു-ജയക്കർമദ്ധ്യസ്ഥക്കമ്പനി ലിമിറ്റഡിന്റെ പ്രതിനിധികളെ വിടുകയോ ചെയ്യുവാൻ പാടില്ലെന്നും സഞ്ജയൻ കാലേക്കൂട്ടി അറിയിച്ചുകൊള്ളുന്നു.

* * *

"എന്താണ് ചങ്ങലംപരണ്ട പാർലിമെണ്ടിന്നു ദോഷം?" എന്നു നിങ്ങൾ ഇങ്ങോട്ടു ചോദിക്കുന്നതിന്നു മുമ്പ് "എന്താണ് ചങ്ങലംപരണ്ട പാർലിമെണ്ടിന്റെ ഗുണം?" എന്ന് ഞാൻ അങ്ങോട്ടു ചോദിച്ചുകൊള്ളട്ടെ. സഞ്ജയൻ പഠിച്ച സ്കൂളിലെ "ഡിബൈയ്റ്റിങ് സൊസൈറ്റി" ഇതിലും എത്രയോ അധികം ഗൗരവത്തോടും അന്തസ്സോടും അവസ്ഥയോടും കൂടിയാണ് ഞങ്ങൾ നടത്തിയിരുന്നതെന്ന് പറഞ്ഞാൽ പിന്നെ അതിനെക്കുറിച്ച് അധികം പറയുവാനുണ്ടോ? ഞങ്ങളുടെ പാർലിമെണ്ടുപോലെ ഒരു പാർലിമെണ്ട് ഈരേഴുപതിന്നാലു ലോകങ്ങളിലുമില്ല. ലോകം മുന്നോട്ടാണ് പോവുന്നതെങ്കിൽ, എനി ഉണ്ടാവുകയുമില്ല. ആദ്യന്തം ഗോഷ്ഠിമയം.

* * *

സർ, ഒരുവിധം നിവൃത്തിയുണ്ടെങ്കിൽ സഞ്ജയൻ സ്വദേശമായ ചങ്ങലംപരണ്ടയിലെ ഒരു മഹാപ്രസ്ഥാനത്തെക്കുറിച്ച് ഇങ്ങിനെയൊരു "കണ്ടമ്നേഷൻ" പാസ്സാക്കുമോ? നിങ്ങൾക്ക് അതു മാത്രം ആലോചിച്ചാൽ മതിയല്ലോ! അവിടെ മറ്റു ഭരണസഭകളിൽ നടക്കുന്നതുപോലെ ചോദ്യം ചോദിക്കലും, ഉത്തരം പറയലും, പ്രമേയം അവതരിപ്പിക്കലും, ഭാഷണങ്ങൾ ചെയ്യലും, പിന്താങ്ങലും, എതിർക്കലും ഭേദഗതി പാസ്സാക്കലും, വോട്ടെടുക്കലും, അംഗീകരിക്കലും, തള്ളലും, അവിശ്വാസ പ്രമേയം ഹാജരാക്കലും ഒക്കെ നടക്കുന്നുണ്ട്. പക്ഷേ, എന്തു ചോദ്യങ്ങളാണ്! എന്തു ഉത്തരങ്ങളാണ്! എന്തു പ്രമേയങ്ങളാണ്! എന്തു ഭാഷണങ്ങളാണ്!

* * *

ഒരു ദിവസം ജർമ്മനിയിലെ അടുത്ത ചാൻസലരായി ഒരു ചങ്ങലം പരണ്ടീയനെ നിയമിക്കേണമെന്ന് ഒരു മെമ്പർ ഒരു പ്രമേയം അവതരിപ്പിച്ചു. ചങ്ങലം പരണ്ടീയനെന്നു പറഞ്ഞാപ്പോരാ, ഒരു റെഡ്ഡിയെത്തന്നെ നിയമിക്കേണമെന്ന് മി. കാട്ടിറെഡ്ഡി പറഞ്ഞു. ഒരു മുതലിയാരെ നിയമിക്കേണമെന്ന് ഒരു മുതലിയാർ; നായർ വേണമെന്ന് നായർ; മുസ്ലീമാണ് വേണ്ടതെന്ന് മുസ്ലീം. വാക്കായി; വാക്കേറ്റമായി; ദൈവകൃപ കൊണ്ട് അടിയില്ലാതെ കഴിഞ്ഞു. ഒടുക്കം അനവധി ദുർഭാഷണവും, ശകാരവും, ഭർത്സനവും കഴിഞ്ഞശേഷം, ഏതെങ്കിലും ഒരു ചങ്ങലംപരണ്ടീയൻ മതി എന്നുള്ള ആദ്യപ്രമേയം സ്ഥിരപ്പെട്ടു. അതിന്റെ ഒരു കോപ്പി ഹെർ ഹിറ്റ്ലർക്ക് അയച്ചുകൊടുത്തു. ഹെർ ഹിറ്റ്ലർ ജനിച്ചതിന്നുശേഷം അന്നൊരു ദിവസം മാത്രമേ ചിരിച്ചിട്ടുള്ളുവത്രേ.

* * *

പ്രമേയങ്ങൾ അങ്ങിനെ. അവിടെവെച്ചു ചോദിക്കപ്പെടുന്ന ചോദ്യങ്ങളോ? ഷഡംഗകഷായത്തിന്റെ യോഗം പറയുന്ന പ്രമാണത്തിൽ, "ശീതം തേഭ്യോ ഹിതം തോയം" എന്ന വരിയിലെ "തേഭ്യോ" എന്ന പദം ആരെ ഉദ്ദേശിച്ച് എഴുതിയതാണെന്നു ബഹുഃ ആരോഗ്യമെമ്പർ പറയുമോ? തീവണ്ടികളിൽ പാട്ടുപാടി ഭിക്ഷ യാചിക്കുന്നവർക്ക് ഓരോ ഫിഡിലും മൃദംഗവും സപ്ലൈ ചെയ്‌വാൻ ഗവർമ്മേണ്ട് ആലോചിച്ചിട്ടുണ്ടോ? ബ്രിട്ടീഷ് പ്രധാനമന്ത്രി ഖദർ ഉടുക്കുന്നതായാൽ കോൺഗ്രസ്സുകാർ മന്ത്രിപദം സ്വീകരിക്കുമോ? ഇക്കാര്യം തീർച്ചപ്പെടുത്തുവാൻ ഈ പാർലിമെണ്ടിന്റെ ഒരു കമ്മിറ്റിയെ നിശ്ചയിക്കുമോ? ഈ പാർലിമെണ്ടിന്റെ യോഗം നടക്കുമ്പോൾ അറബിക്കടൽ ഒരു ബഹുമാനമില്ലാതെ ശബ്ദിച്ചു കൊണ്ടിരിക്കുന്നതു നിർത്തൽചെയ്‌വാൻ ഗവർമ്മേണ്ട് എന്തെങ്കിലും ചെയ്‌വാൻ വിചാരിച്ചിട്ടുണ്ടോ? ശീലാവതിയുടെ പാതിവ്രത്യം കുറച്ച് ജാസ്തിയായിപ്പോയെന്നു ബഹുമാനപ്പെട്ട നിയമമെമ്പർക്കു സ്വകാര്യാഭിപ്രായമുണ്ടോ? കഷണ്ടിക്ക് മരുന്നുണ്ടോ? നീലക്കൊടുവേലി മരുത്വാൻ മലയിലുണ്ടെന്ന് ഒരു കിംവദന്തി കേൾക്കുന്നതു വാസ്തവമാണോ?

* * *

ഇതാ—കഴിഞ്ഞ കൊല്ലത്തിൽ ചോദിക്കപ്പെട്ട ചില ചോദ്യങ്ങളുടെ സാമ്പിളുകളാണ് മേലെ ചേർത്തിരിക്കുന്നതു്. ഇവയ്ക്കു നൽകപ്പെട്ട ഉത്തരങ്ങൾ എന്തായിരുന്നുവെന്നോ, അവയ്ക്ക് വല്ല ഉത്തരവും പറയപ്പെട്ടുവോ എന്നോ ചോദിച്ചവർക്കാകട്ടെ, പറയാൻ ബാദ്ധ്യതപ്പെട്ടവർക്കാകട്ടെ, ഓർമ്മയില്ല. സഞ്ജയന്ന് ഇതെല്ലാം കേട്ടു കേട്ട് സഹിക്കാതായിത്തീർന്നിരിക്കുന്നു. ഈ ചോദ്യങ്ങൾ ചോദിക്കുവാനും, ഇവയ്ക്കു ഉത്തരം പറയുവാനുമായി സൂട്ടും, തലപ്പാവും ധരിച്ച്, രണ്ടാംക്ലാസുവണ്ടിയിൽ അങ്ങോട്ടുമിങ്ങോട്ടും ബഹുഗൌരവത്തിൽ യാത്രചെയ്യുന്ന ഞങ്ങളുടെ പാർലിമെണ്ടുമെമ്പർമാരെ കണ്ടാൽ നിങ്ങൾ പെട്ടെന്നു പൊട്ടിച്ചിരിക്കരുതേ! അവരിൽ പലർക്കും ചിരി കേട്ടുകൂട. ബഹു ദേഷ്യമാണ്. ആരെങ്കിലും ചിരിച്ചുപോയെങ്കിൽ അവരെ ഭസ്മമാക്കിക്കളയുംപോലും.

* * *

മദിരാശി കൌൺസിലിലും മലബാർ ഡിസ്ട്രിക്ട് ബോർഡിലും ഓരോ അവിശ്വാസപ്രമേയം പാസ്സാക്കിയെന്നു കേട്ടപ്പോൾ തങ്ങൾക്കും അങ്ങിനെയൊന്നു വേണമെന്നു സി. പി. പാർലിമെണ്ടുകാർ തീർച്ചപ്പെടുത്തി. പക്ഷേ, ആരുടെ പേരിലാണ് വിശ്വാസമില്ലാത്തതെന്ന് അവർക്കുതന്നെ തീർച്ചപ്പെടുത്തുവാൻ കഴിഞ്ഞില്ല. പലരേയും നോക്കിയതിൽ ആരും തരപ്പെട്ടില്ല. ഒടുക്കം ചങ്ങലംപരണ്ട അംശം മേനവന്ന് നൂററുപ്പിക കൊടുത്ത് അയാളുടെ പേരിൽ അവിശ്വാസപ്രമേയം ഹാജരാക്കുവാൻ സമ്മതം വാങ്ങി. ഭാഷണങ്ങൾ പൊടിപൊടിച്ചു. ഒരു ശരാശരി (ഏവറേജ്) ചങ്ങലംപരണ്ടീയനെക്കാൾ മേനവൻ നാലിരട്ടി തടിയുണ്ടെന്നും, അതു സോവിയറ്റ്റഷ്യയിൽ സമ്മതിക്കപ്പെടുന്നതല്ലെന്നും, ഇദ്ദേഹം മറ്റുള്ളവരെക്കാൾ അധികം ബൃംഹണാഹാരങ്ങൾ കഴിക്കുന്നുണ്ടെന്ന് അതുകൊണ്ടു തിർച്ചപ്പെടുത്താമെന്നും, നികുതിപ്പിരിവിന്നു പോകുമ്പോൾ ഇദ്ദേഹം കുട തുറന്നുപിടിക്കുന്നതു് സ്വന്തം ആവശ്യത്തിന്നാണെന്നും മറ്റും ഒരു ഭാഗത്തുനിന്ന് വാദിച്ചു. ഇതൊക്കെ കളവാണെന്നും, മേനവൻ മഹായോഗ്യനാണെന്നും, അദ്ദേഹം ഹരിശ്ചന്ദ്രന്റെ പുനർജ്ജന്മമാണെന്നും, ഈ പ്രമേയത്തിന്നനുകൂലമായി വോട്ടുചെയ്തവർ കുത്തനെ നരകത്തിലിറങ്ങിപ്പോകേണ്ടിവരുമെന്നും, മറുകക്ഷി വാദിച്ചു. പ്രമേയം വോട്ടിന്നിട്ടു. അമ്പത്തൊമ്പതു പേർ അനുകൂലമായും അറുപത്തൊന്നു പേർ പ്രതികൂലമായും വോട്ടുചെയ്കയാൽ പ്രമേയം തള്ളപ്പെട്ടു. മേനവന്റെ കീർത്തി മുമ്പത്തെപ്പോലെ അകളങ്കിതയായി പ്രകാശിച്ചു. ഈ പ്രമേയത്തെക്കുറിച്ചുള്ള വാഗ്വാദങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ സംസാരിക്കുന്നവരൊഴിച്ചു ബാക്കിയെല്ലാവരും കസാലകളിൽ ചാരിക്കിടന്ന് കൂർക്കം വലിക്കുകയായിരുന്നു. സർ പില്ലാന്തൊടി രാമവർമ്മ രാജാവവർകളെ വോട്ടെടുപ്പു സമയത്ത് ആരോ വിളിച്ചുണർത്തിയതിനാൽ അദ്ദേഹം കലശലായ ശുണ്ഠിയെടുത്ത് പാർലിമെന്റുഹാളിൽനിന്നു പ്രതിഷേധസൂചകമായി പുറത്തുവന്ന് വരാന്തയിലിട്ടിരുന്ന ഒരു ബെഞ്ചിന്മേൽ കിടന്നുറങ്ങി.

* * *

ഈ മീഞ്ചന്തസ്സഭയിൽ എങ്ങനെയാണ് സഞ്ജയൻ മെമ്പറായിരിക്കുക? ഇതൊക്കെക്കൊണ്ടാണ് സഞ്ജയൻ രാജിവെച്ചൊഴിയുവാൻ പോകുന്നു എന്ന് പറഞ്ഞതു്. അവിടെവെച്ച് ഇതുവരെ നടത്തിയ ഭാഷണങ്ങളെല്ലാം ഒരു കഷായക്കലത്തിലിട്ടു കുറുക്കിയാൽ കലം മാത്രം ശേഷിക്കും. ആരെല്ലാമാണ് ഞങ്ങളുടെ പാർലിമെണ്ടിലുള്ളതു്! "ഉണ്ണാറായോ എന്നു ചോദിക്കുവാനല്ലാതെ ജനിച്ചതിന്നുശേഷം വായ തുറന്ന് ഉരിയാടാത്തവരുണ്ട്; മത്സ്യങ്ങളെപ്പോലെ കണ്ണുതുറന്നുകൊണ്ട് ഉറങ്ങുവാൻ അഭ്യസിച്ച മഹാവീരന്മാരുണ്ട്; ചങ്ങലംപരണ്ടയുടെ നാലതിരുകൾ ഏതൊക്കെയാണെന്ന് ചോദിച്ചാൽ ആകാശംനോക്കി മിഴിക്കുന്നവരുണ്ട്; ലോകത്തിൽ യാതൊന്നിനെപ്പറ്റിയും യാതൊരു വിവരവുമില്ലാത്ത മഹാജ്ഞാനികളുണ്ട്; ബത്ത വാങ്ങുന്നതു് അവതാരോദ്ദേശമായി കരുതിയ മഹാത്മാക്കളുണ്ട്;" ഈ സിദ്ധസംഘത്തിന്റെ ഇടയിൽ (സഞ്ജയനെപ്പോലെയുള്ള) അഞ്ചോ ആറോ കൊള്ളാവുന്നവരുമുണ്ട്. പക്ഷേ, ഞങ്ങളെന്തു ചെയ്യും? ഇതു് അങ്ങനെ തുടരുകയാണെങ്കിൽ രാജിവെച്ചൊഴിയാതെ ഞങ്ങളെന്തു ചെയ്യും?

* * *

മഹാ അബദ്ധം, സാറേ, മഹാ, അബദ്ധം. ഇതൊന്നും പറഞ്ഞാൽ അവരിൽ ചിലർക്കു പിടിയ്ക്കുകയില്ല. അവർക്ക് ഞങ്ങളൊക്കെ പറയുന്നതിനെക്കുറിച്ച് ബഹു 'കൺടെംപ്റ്റാ'ണുപോലും! ചങ്ങലംപരണ്ടയിലെ ചിരി അടുത്ത സംസ്ഥാനത്തിൽ എത്തിയിട്ടില്ലെങ്കിലും, അടുത്ത തലമുറയിൽ ഇറങ്ങിയേയ്ക്കുമെന്ന കഥ അവരറിഞ്ഞിട്ടില്ല: അറിഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ അവർക്കു ഇത്ര 'കൺടെംപ്റ്റ്' ഉണ്ടാവുകയില്ല. എനി, മറുനാട്ടുകാർക്കു മനസ്സിലാകുന്ന വല്ല ഭാഷയിലും സഞ്ജയന്ന് എഴുതിക്കൂടെന്ന് നിയമമൊന്നുമില്ലല്ലോ! പക്ഷേ, ചങ്ങലംപരണ്ടയിലെ തകരാറുകൾ മറ്റുള്ളവരും അറിയണോ എന്ന് വിചാരിച്ചാണ് സഞ്ജയൻ സായ്പന്മാരും മറ്റും കാണുന്ന ദിക്കിൽ ഇതു് എഴുതിത്തൂക്കാത്തതു് എന്നും ഈ അവസരത്തിൽത്തന്നെ പറഞ്ഞാലെന്തു്? അങ്ങാരും പേടിച്ചു സ്വീകരിക്കാതിരിക്കുമെന്ന് കരുതീട്ടും മറ്റുമല്ല.

24-4-'35

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-ന് ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്ത് സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-ന് തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്ക തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-ന് കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.